
## <u>തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ഉപയോക്തൃ മാന്വൽ</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെയാണ് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടമായ CMLRRP 2.0 നടപ്പിലാക്കുന്നത്. സർക്കാർ പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരം, പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കുകയും ബന്ധപ്പെട്ട എംഎൽഎമാർ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ബജറ്റിൽ അനുവദിച്ച ഫണ്ടിന്റെ ലഭ്യതയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകുകയും വേണം. പ്രധാനപ്പെട്ട റോഡുകൾ, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന പ്രാദേശിക റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും, ജെജെഎം ഘട്ടം - 1 ന്റെ ഭാഗമായി പുനർനിർമ്മിക്കാത്ത റോഡുകൾക്കും ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നു. നിലവിൽ ഡിഫെക്റ്റ് ലയബിലിറ്റി പിരീഡിലുള്ള റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ യോഗ്യമല്ല.

ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം, ഒരു ബാഹ്യ സാങ്കേതിക വിദഗ്ധൻ (വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർ / എൽഎസ്ജിഡി / കെപിഡബ്ല്യുഡി / മറ്റേതെങ്കിലും ഗവൺമെന്റ് എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ) എന്നിവരും ഇംപ്ലിമെന്റിംഗ് ഓഫീസറും ഉൾപ്പെടുന്ന ജില്ലാതല ഗുണനിലവാര നിരീക്ഷണ സമിതി പരിശോധിക്കും.


തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ Assistant Engineer, Assistant Executive Engineer, EE (Accounts), Drawing Branch Users, Junior Superintendent in EE office, Divisional Accountant, Executive Engineer, Chief Engineer, Principal Directorate ലെ ഓപ്പറേറ്റർ, വെരിഫയർ, അപ്പ്രൂവർ എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് പുറമേ കോൺട്രാക്ടർക്കും DLTC മെമ്പർമാർക്കും ലോഗിൻ ഉണ്ടായിരിക്കുന്നതാണ്. സുലേഖ ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ടി ലോഗിൻ ഉപയോഗിച്ച് തന്നെ ഈ ആപ്ലിക്കേഷനിലും പ്രവർത്തിക്കാൻ സാധിക്കും. സുലേഖ ലോഗിൻ ലഭ്യമല്ലാത്ത ഉപയോക്താക്കൾക്ക് MIS user type ലുള്ള ഉപയോക്തൃ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

**ആപ്ലിക്കേഷനിൽ പ്രവേശിക്കുന്നതിനായി https://cmlrrptwo.lsgkerala.gov.in എന്ന url ഉപയോഗിക്കുക. ചിത്രം 1**




(ചിത്രം 1)

ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്തുകഴിഞ്ഞാൽ User Name and Password നൽകാനുള്ള സ്ക്രീൻ ലഭിക്കും. Chief Engineer ലോഗിനിൽ നിന്നും ലഭ്യമാക്കിയ User Name ഉം Password ഉം നൽകി Login Type MIS തെരെഞ്ഞെടുക്കുക. Captcha field ൽ കൊടുത്തിരിക്കുന്ന ചോദ്യത്തിന്റെ ഉത്തരം Enter Captcha എന്ന കോളത്തിൽ നൽകി Login ബട്ടൺ ക്ലിക്ക് ചെയ്യുക. (ചിത്രം 2)




(ചിത്രം 2)


ചിത്രം 3 ലെ സ്ക്രീൻ ലഭിക്കും.




(ചിത്രം 3)


ഹോം സ്ക്രീനിലെ Dashboard ൽ നിന്നും പ്രോജക്ടിനെ സംബന്ധിച്ച വിവരങ്ങളും DLTC Member ആയിട്ടുള്ള ജില്ലയുടെ വിവരങ്ങളും കാണാവുന്നതാണ്.

Project List എന്ന മെനുവിൽ നിന്നും Pending Projects ന്റേയും Submitted Projects ന്റേയും വിവരങ്ങൾ കാണാവുന്നതാണ്. Pending Inbox ക്ലിക്ക് ചെയ്തു കഴിഞ്ഞാൽ Pending Project List കാണാവുന്നതാണ്. (ചിത്രം 3.1)




(ചിത്രം 3.1)


ബട്ടൺ ക്ലിക്ക് ചെയ്ത് Visiting Details ചേർക്കേണ്ടതാണ്. (ചിത്രം 3.2)




(ചിത്രം 3.2)


വിസിറ്റ് ചെയ്ത ദിവസം തെരെഞ്ഞെടുത്ത് വിസിറ്റിംഗ് റിമാർക്ക് നൽകി Add Visit ബട്ടൺ ക്ലിക്ക് ചെയ്താൽ Visiting Details save ആകുന്നതാണ്.

Committee Report ചേർക്കുന്നതിനായി ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ചിത്രം 3.3) ശ്രദ്ധിക്കുക.




(ചിത്രം 3.3)

Project Status രേഖപ്പെടുത്തി റിമാർക്ക് നൽകുക. Committee Report and Test Report 1MB size വരെയുള്ള PDF file ആയി attach ചെയ്ത് Submit ചെയ്യാവുന്നതാണ്. (ചിത്രം 3.4)





(ചിത്രം 3.4)

**NB: ഓരോ DLTC member ന്റേയും ലോഗിനിലുള്ള പ്രോസ്സസ്സ് ചെയ്യാത്ത പ്രോജക്ടുകൾ അടുത്ത മാസം 5-ാം തീയതിയോട് കൂടി അടുത്ത DLTC member ന്റെ ലോഗിനിലേയ്ക്ക് automatically send ചെയ്യുന്നതാണ്.**

ഒരു തവണ Submit ചെയ്ത പ്രോജക്ടുകൾ Pending Inbox ൽ നിന്നും Submitted Projects ലേയ്ക്ക് മാറുന്നതാണ്. Dashboard ലും അതിനനുസരിച്ച് മാറ്റം വരുന്നതാണ്.

ഒരു User ന് Password change ചെയ്യണമെന്നുണ്ടെങ്കിൽ ഹോം പേജിൽ വലതുവശത്ത് മുകളിലായുള്ള ബട്ടണിൽ ക്ലിക്ക് ചെയ്യുക. Change Password എന്ന ബട്ടൺ കാണാൻ സാധിക്കും, അതിൽ ക്ലിക്ക് ചെയ്താൽ ചിത്രം 4 ലെ പോലുള്ള സ്ക്രീൻ ലഭിക്കും.




(ചിത്രം 4)

വിവരങ്ങൾ നൽകി Change Password click ചെയ്താൽ Password change ആകുന്നതാണ്.

പഴയ Password മറന്നുപോയ സാഹചര്യങ്ങളിൽ E-mail ID and Mobile Number ഉപയോഗിച്ച് Password reset ചെയ്യുന്നതിന് ലോഗിൻ പേജിലെ Forgot password ഓപ്ഷനും ഉപയോഗിക്കാവുന്നതാണ്.